**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 647 — 28.02.2018 ലെ മറുപടിയ്ക്ക്.

## പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

**ചോദ്യം**
**ശ്രീ. ഇ. പി. ജയരാജൻ**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി -വിദ്യാർത്ഥിനികൾക്കായി എത്ര പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | 17 |
| (ബി) | ഇതിൽ ഏതെല്ലാം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കംപ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്; | (ബി) | കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുള്ള ഹോസ്റ്റലുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. എറണാകുളം ബോയ്സ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ<br>2. എറണാകുളം ഗേൾസ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ<br>3. കണ്ണൂർ താന ബോയ്സ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ<br>4. കാസർഗോഡ് മഞ്ചേശ്വരം ബോയ്സ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ<br>5. കാസർഗോഡ് ഗേൾസ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ<br>6. കണ്ണാടി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട്<br>7. ജൈനമേട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട് |
| (സി) | എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; | (സി) | കൊല്ലം ജില്ലയിലെ അമൃതകുളം പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും അമൃതകുളം ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും കോട്ടയം ജില്ലയിലെ നാട്ടകം പെൺകുട്ടികളുടെ |

| | | | |
|---|---|---|---|
| | | | പോസ്റ്റ് മെട്രിക് ഹോസ്റ്റലും ചങ്ങനാശ്ശേരി ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും കാസർഗോഡ് ജില്ലയിലെ വിദ്യാനഗർ ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും ഒഴികെ എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. |
| (ഡി) | കംപ്യൂട്ടർ ലാബുകളും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടില്ലാത്ത പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആയവ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | കോഴിക്കോട് പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ കംപ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിന് അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കംപ്യൂട്ടർ ലാബുകളും ഇന്റർനെറ്റ് കണക്ഷനും ഇല്ലാത്ത ഹോസ്റ്റലുകളിൽ ആവശ്യകതയനുസരിച്ച് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**